# ഏനാദിമംഗലം സി ഡി എസ്സ്

- ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് പത്തനംതിട്ട ജില്ലയിലെ അടൂര് താലൂക്കില് പറക്കോട് ബ്ളോക്കില് സ്ഥിതി ചെയ്യുന്നു. 50% മലകളും കുന്നുകളും 20% മലഞ്ചെരിവുകളും 15% ചെറു ചരിവുപ്രദേശങ്ങളും 15% സമതലങ്ങളുമാണ് ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത. ഈ പഞ്ചായത്തിലെ ഭൂരിഭാഗം തദ്ദേശവാസികളും കര്ഷകരാണ്.
- ഏനാദിമംഗലം പഞ്ചായത്തിൽ കുടുംബശ്രിയുടെ പ്രവർത്തനം ആരംഭിക്കുന്നത് 2001 വർഷത്തിലാണ്. 9 ഏ ഡി എസ്സ ആയിട്ടാണ് സി ഡി എസ്സ് രജിസ്റേഷൻ നടത്തിയത്(രജി നം.377/2002). നിലവിൽ 15 എ ഡി എസ്സ് വാർഡുകളിലായി 232 അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു 2939 കുടുംബശ്രീ അംഗങ്ങളാണുള്ളത്.
- 21 വയോജന അയൽകൂട്ടങ്ങളും 2 ഭിന്നശേഷി അയൽകൂട്ടങ്ങളും പ്രവർത്തിക്കുന്നു.
- സാധാരണക്കാരായ വനിതകളുടെ സാമ്പത്തിക ശാക്തീകരണം മുൻനിർത്തി190 സംരംഭഗ്രൂപ്പുകളും 252 ജെ എൽ ജി കളും ഈ സി ഡി എസ്സ് ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.
- സമൂഹത്തിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്ക് ഒരു കൈത്താങ്ങാകുന്നതിന് കുടുബശ്രീ സംസ്ഥാന മിഷൻ ആസൂത്രണം ചെയ്ത സ്നേഹിതാ കാളിംഗ്ബെൽ പദ്ധതി ഈ സി ഡി എസ്സ് ൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു, 36 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിലുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 15 വാർഡ് എ ഡി എസ്സിലെ നിരാലംബയും ക്യാൻസർ രോഗിയുമായ ഒരു ഗുണഭോക്താവിന് ഭവനം നിർമ്മിച്ചു നൽകുന്നതിന് സാധിച്ചു.സന്നദ്ധ സംഘടനകൾ വഴി ഈ ഗുണഭോക്താക്കൾക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തുവരുന്നു. ഒരു ഗുണഭോക്താവിനെ മഹാത്മാ ജനസേവാ കേന്ദ്രത്തിൽ എത്തിച്ചു. ആധാർ റേഷൻകാർഡ് എന്നിവ ലഭ്യമാക്കാൻ സാധിച്ചു.
- ഏനാദിമംഗലം സി ഡി എസ്സിലേ 197 അയൽകൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് നേടിയിട്ടുണ്ട്. തുക.75795000(ഏഴ് കോടി അമ്പത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) 251 ജെ എൽ ജി കൾ ലിങ്കേജ് ലോൺ നേടി (രണ്ട്കോടി അമ്പത്തിഒന്ന്ലക്ഷം രൂപ) ജെ എൽ ജി കൾക്ക് ലോണിൻ്റെ ഭാഗമായി പലിശ സബ്സിഡി നൽകിവരുന്നു.
- ഡി എഫ് കെ പദ്ധതിയിൽ 232 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു, ടി ഗുണഭോക്താക്കൾക്ക് എല്ലാ മാസവും പോഷകാഹാരകിറ്റ് നൽകി വരുന്നു, വീട് മെയിന്റനൻസ് മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നൽകിവരുന്നു.
- കോവിഡ് 19 മായി ബന്ധപ്പെട്ട് എല്ലാ എ ഡി എസ്സ് കൾക്കും ബോധവത്ക്കരണ ക്ലാസ് നൽകി. വയോജനങ്ങൾക്ക് പ്രത്യേക ബോധവത്കരണ ക്ലാസ് ഹൽത്ത് ഡിപ്പാർട്ടമെന്റുമായി ബന്ധപ്പെട്ടു നൽകി.

## കമ്മ്യൂണിറ്റി കിച്ചൺ

കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനങ്ങളിൽ സി ഡി എസ്സ് നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുകയും 15 വാർഡ് എ ഡി എസ്സുകളിൽ നിന്നും സ്പോൺസർഷിപ്പ് വഴി സാധനങ്ങൾ കണ്ടെത്തി നല്കുന്നതിനും സാധിച്ചു. അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഉച്ച ഭക്ഷണം എത്തിച്ച് നൽകുന്നതിനും സി ഡി എസ്സ് നേതൃത്വപരമായ പങ്ക് വഹിച്ചു.4851 പൊതിച്ചോറ് ലോക്ഡൗൺ കാലത്ത് ആവശ്യക്കാർക്ക് എത്തിച്ച് നൽകി.

നിരീക്ഷണത്തിലിരിക്കുന്ന വയോജനങ്ങളെ അവരുടെ ആരോഗ്യകാര്യങ്ങളെക്കുറിച്ച് അറിയുന്നതിന് അവർക്ക് ആവശ്യമായ മരുന്ന് ആശാ വർക്കർ മുഖേന എത്തിടച്ചു നൽകുകയും ചെയ്തു, ഭക്ഷണം കമ്മ്യൂണിറ്റി കിച്ചൺ വഴി നൽകുകയും ചെയ്തു, ഭക്ഷ്യധാന്യകിറ്റുകൾ എത്തിച്ചു നൽകി.







## **CMHLS**

- 151 NHG
- Amount:1676500
- LOAN SANCTION-15 NHG
- AMOUNT-1757000






.

- സി ഡി എസ്സിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന തയ്യൽ സംരംഭങ്ങൾ വഴി മാസ്കുകൾ നിർമ്മിച്ചു നല്കി വരുന്നു. എല്ലാ എ ഡി എസ്സ് വാട്സപ്പ് ഗ്രൂപ്പ് വഴി സ്റ്റേറ്റ് മിഷനും ജില്ലാ മിഷനും നൽകുന്ന നിർദ്ധേശങ്ങളും കൈമാറുകയും അതുവഴി ഓരോ അയൽകൂട്ട അംഗത്തിനും നിർദ്ധേശങ്ങളും നൽകാൻ സാധിച്ചു. ബാല സഭാ കുട്ടികൾക്ക് വേണ്ട നിർദ്ധേശങ്ങളും നല്കുകയും അവരുടെ കലാ കായികപരമായ കഴിവുകളും ലോക്ഡൗൺ കാലത്ത് വാട്സപ്പ് ഗ്രൂപ്പ് വഴി സാധിച്ചു. വാട്സപ്പ് ഗ്രൂപ്പുകളിലി പഞ്ചായത്ത് അംഗങ്ങളെയും

ആരോഗ്യ പ്രവർത്തകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്, ആയതുകൊണ്ട് വിവിധ ഡിപ്പാർട്ടമെന്റുകളുടെ സംയോജനം ഇതിലൂടെ സാധിച്ചു.

- തുടർന്നുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ സംസ്ഥാന ജില്ലാമിഷനുകളുടെ നിർദ്ധേശാനുസരണം ആസൂത്രണം ചെയ്ത് മികച്ച രീതിയിൽ നടപ്പിലാക്കുന്നതായിരിക്കും. കൃഷി എല്ലാ കുടുംബശ്രീ വഴിയും നടപ്പിലാക്കുന്നതിന് മുൻഗണന നൽകും. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും സാമൂഹിക അകലംപാലിച്ചും സുരക്ഷാമാര്ഗങ്ങളോടെ കുടുംബശ്രീ കൂടുകയും .മഴക്കാല പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും .വയോജനകൾക്കു കൂടുതൽ കരുതൽ നൽകുകയും ചെയ്യും

എന്ന്,

മിനി വി

സി ഡി എസ്സ് ചെയർപേഴ്സൺ

9526440547

നിസ  എസ്സ്

എം ഐ സ്  ബി സി